ഉത്തരം

(എ) 92 ടി.ടി.ഐ.-കൾ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ച കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. ബി.എഡ്. കോഴ്സുകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.†

(ബി) സ്വാശ്രയ ടി.ടി.ഐ.-കളിൽ 4750 പേരും സർക്കാർ നിയന്ത്രണത്തിലുള്ള ടി.ടി.ഐ.-കളിൽ 4080 പേരും ഓരോ വർഷവും കോഴ്സ് പൂർത്തിയാക്കും. ബി.എഡ്. കോഴ്സ് സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ബി.-ലെവൽ ഇൻ കമ്പ്യൂട്ടർ സയൻസ് എന്ന ത്രിവൽസര കോഴ്സ് എം. സി. എ.-യ്ക്ക് തുല്യമാക്കാൻ നടപടി

47 [1569] ശ്രീ. പി. കെ. കെ. ബാവ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) എ. ഐ. സി. ടി. അംഗീകാരത്തോടെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പ്യൂട്ടർ ടെക്നോളജി എന്ന സ്ഥാപനം നടത്തി വരുന്ന ബി-ലെവൽ ഇൻ കമ്പ്യൂട്ടർ സയൻസ് എന്ന ത്രിവൽസര ബിരുദ കോഴ്സ് കേരള, കാലിക്കറ്റ് യൂണിവേഴ്സിറ്റികൾ നടത്തുന്ന ത്രിവൽസര എം.സി.എ. കോഴ്സിന് തുല്യമാണെന്ന എ.ഐ.സി.ടി.ഇ.-യുടെയും കേന്ദ്ര ഗവൺമെന്റിന്റെയും തീരുമാനം കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ ഒരു കോപ്പി മേശപ്പുറത്ത് വയ്ക്കാമോ;

(സി) ഇല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിക്കാതിരിക്കാനുള്ള കാരണവും അതിനുള്ള കാലതാമസവും എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ബി-ലെവൽ, എം.സി.എ. കോഴ്സുകൾ തുല്യമാണെന്ന് ഉത്തരവ് പുറപ്പെടുവിക്കാത്തതുകൊണ്ട് എം.സി.എ. യോഗ്യതയായി അംഗീകരിച്ചിട്ടുള്ള തസ്തികകൾക്ക് ബി-ലെവൽ കോഴ്സ് പാസ്സായവർക്ക് അപേക്ഷിക്കാൻ കഴിയുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(എഫ്) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എം.സി.എ. യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള മുഴുവൻ തസ്തികകൾക്കും ബി-ലെവൽ കോഴ്സ് കൂടി സമാന യോഗ്യതയായി അംഗീകരിക്കാനും തുല്യ അവസരം നൽകാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ജി) എം.സി.എ., ബി-ലെവൽ ബിരുദങ്ങൾ തുല്യമാണെന്ന് കേരള, കാലിക്കറ്റ് സർവ്വകലാശാലകൾ ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം പൊതുജനങ്ങളുടെ ശ്രദ്ധയ്ക്കായി ഇവ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, പത്രങ്ങൾ എന്നിവയിൽ കൂടി പൊതുജനങ്ങളെ അറിയിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) കേരള, മഹാത്മാ ഗാന്ധി, കണ്ണൂർ, സർവ്വകലാശാലകളും അംഗീകരിച്ചിട്ടില്ല. മറ്റ് സർവ്വകലാശാലകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ബി-ലെവൽ കോഴ്സിനു ചേരുന്നതിനാവശ്യമായ യോഗ്യതകളുടെ വിശദാംശങ്ങളും ആരാഞ്ഞുകൊണ്ടുള്ള കത്തിന് ഡി.ഒ.ഇ. എ.സി.ഇ. ഡയറക്ടറിൽ നിന്നും കണ്ണൂർ സർവ്വകലാശാലയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. മഹാത്മാഗാന്ധി, കേരള സർവ്വകലാശാലകളിൽ പ്രസ്തുത കോഴ്സ് അംഗീകരിക്കണമെന്ന ആവശ്യം ഉന്നയിച്ച് അപേക്ഷ ലഭിച്ചിട്ടില്ല. മറ്റ് സർവ്വകലാശാലകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഇല്ല.

(ഇ, എഫ്) കേരളത്തിലെ സർവ്വകലാശാലകളും അംഗീകരിക്കുന്ന ബിരുദം മാത്രമേ ജോലിക്കുള്ള യോഗ്യതയായി പി. എസ്. സി. അംഗീകരിക്കുകയുള്ളൂ.

(ജി) ഇക്കാര്യം സർവ്വകലാശാലകളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

എഞ്ചിനീയറിംഗ് കോളേജുകളിലെ ജലദൗർലഭ്യം

48 [1570] ഡോ. എം. എ. കുട്ടപ്പൻ;
ശ്രീ. ജോർജ് ജെ. മാത്യു:
,, ജി. പ്രതാപ വർമ്മ തമ്പാൻ:
,, എം. എം. ഹസ്സൻ:
,, വി. ഡി. സതീശൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്;

(ബി) പ്രസ്തുത കോളേജ് ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നവർ പ്രസ്തുത കോളേജ് ക്യാമ്പസ്സിലുള്ള കുളങ്ങളിൽ കുളിക്കരുതെന്ന് ബന്ധപ്പെട്ട കോളേജുകളുടെ നോട്ടീസ് ബോർഡിൽ നോട്ടീസ് ഇടാറുണ്ടായിരുന്നോ;

(സി) അപ്രകാരം നോട്ടീസ് ഇട്ട കോളേജ് അധികൃതർ കുട്ടികൾക്ക് കുളിക്കുന്നതിനുള്ള വെള്ളം കിട്ടുവാൻ എന്തെല്ലാം ബദൽ സംവിധാനം ഉണ്ടാക്കിയിരിക്കുന്നു;

(ഡി) ഒരു ബദൽ സംവിധാനവും ഉണ്ടാക്കാത്ത പക്ഷം അതിനുള്ള കാരണമെന്ത്;

(ഇ) ഗവൺമെന്റ് ഉടമയിലുള്ള ഏതെങ്കിലും എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിൽ വെള്ളത്തിന് ദൗർലഭ്യമുണ്ടായപ്പോൾ കോളേജ് ക്യാമ്പസ്സിലുള്ള കുളത്തിൽ കുളിക്കാൻ പോയവരിൽ ആരെങ്കിലും 2005 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കുളത്തിൽ വീണ് മരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ ആരെല്ലാം;

(എഫ്) ഇങ്ങനെ മരിച്ച വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് എന്തു നഷ്ടപരിഹാരം നൽകി എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly